# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1169** **03/12/2015 ൽ മറുപടിക്ക്**

## കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിലെ അധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നാദാപുരം നിയോജക മണ്ഡലത്തിലെ ആർ.എം.എസ്.എ ഹൈസ്കൂളായി ഉയർത്തിയ കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിൽ ആവശ്യത്തിന് അധ്യാപകരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | എ) ആർ.എം.എസ്.എ പദ്ധതിയിലുൾപ്പെടുത്തി 2010-11 ൽ അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകളിൽ ഉൾപ്പെട്ട കാവിലുംപാറ ഗവൺമെന്റ് ഹൈസ്ക്കൂളിൽ 05/12/2013 ലെ (കൈ) നം. 317/2013/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ഹെഡ്മാസ്റ്റർ, 5 ഹൈസ്ക്കൂൾ അദ്ധ്യാപകർ ഒരു എഫ്.റ്റി.എം എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതനുസരിച്ച് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിയമനം നടത്താവുന്നതാണ്. |
| ബി) ഇതുമായി ബന്ധപ്പെട്ട് പി.ടി.എ. കമ്മിറ്റി നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ഇപ്പോൾ ഈ സ്കൂളിൽ 313 കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും അദ്ധ്യയനം നടത്തുന്നതിനുവേണ്ട അദ്ധ്യാപകരില്ല എന്നത്സംബന്ധിച്ച പി.റ്റി.എ കമ്മിറ്റി നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കൂളിലെ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്ക്കൂൾ അദ്ധ്യാപകർക്കുമാണ് (1-സയൻസ്, 1-കണക്ക്, 1-സോഷ്യൽ സയൻസ്, 1-മലയാളം, 1-ഹിന്ദി) എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇപ്പോൾ ഈ സ്കൂളിൽ പ്രഥമാദ്ധ്യാപകനെ കൂടാതെ 5 ഹൈസ്ക്കൂൾ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കെ.ഇ.ആർ വ്യവസ്ഥകൾപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്. |
| സി) അധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ